# അമിത പലിശ അനുവദിക്കില്ല: മന്ത്രി കെ.എം.മാണി

## ● 'ബാങ്കിതര ധനസ്ഥാപനങ്ങളുടെ സേവനം അംഗീകരിക്കുന്നു'

കൊച്ചി ● കച്ചവടത്തിൽ ന്യായമായ ലാഭം വേണമെന്നത് അംഗീകരിക്കുമ്പോൾ തന്നെ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെ ഇടപാടുമായി ബന്ധപ്പെട്ട് കൊള്ളലാഭം ലക്ഷ്യമിട്ട് അമിത പലിശ ഈടാക്കാൻ അനുവദിക്കില്ലെന്ന് മന്ത്രി കെ.എം. മാണി. എന്നാൽ, ഇതു സംബന്ധിച്ചുള്ള നിയമങ്ങൾ വന്നതോടെ ഇത്തരം പ്രവണതകൾ കുറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അസോസിയേഷൻ ഓഫ് കേരള നോൺ ബാങ്കിങ് ഫിനാൻസ് കമ്പനീസ് (കെഎൻബിഎഫ്സി) വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ബാങ്കിങ് മേഖലയുടെ പരിമിതികൾക്കപ്പുറമുള്ള സാമ്പത്തിക സേവനങ്ങൾ ജനങ്ങൾക്കു നൽകുന്നതിൽ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ ചെയ്യുന്ന സേവനം വലുതാണ്. അതിനെ സർക്കാർ മാനിക്കുന്നു. ഈ മേഖലയുടെ നിലനിൽപിനുള്ള എല്ലാ സഹായങ്ങളും സർക്കാർ ചെയ്യും.




കെഎൻബിഎഫ്സി വാർഷിക സമ്മേളനം കൊച്ചിയിൽ മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്യുന്നു. ശ്രീധർ പ്രസാദ്, ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, തോമസ് ജോർജ് മുത്തൂറ്റ്, കുര്യൻ സി. ജോർജ്, വി.പി. നന്ദകുമാർ എന്നിവർ സമീപം.

എന്നാൽ, അമിത പലിശ പോലുള്ള അന്യായങ്ങൾ അംഗീകരിക്കാനാവില്ല– മന്ത്രി പറഞ്ഞു.

അസോസിയേഷൻ ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ് അധ്യക്ഷത വഹിച്ചു.

വൈസ് ചെയർമാൻ കുര്യൻ സി. ജോർജ്, അഡ്ഹോക്ക് കമ്മിറ്റി ചെയർമാൻ ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, മാനേജിങ് കമ്മിറ്റി അംഗം വി.പി. നന്ദകുമാർ, കെപിഎംജി ഡയറക്ടർ ശ്രീധർ പ്രസാദ് എന്നിവർ പ്രസംഗിച്ചു.